# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *667

04.04.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ്<br>,, കെ.വി.വിജയദാസ്<br>,, എൻ. വിജയൻ പിള്ള<br>,, പി.വി. അൻവർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കാൻ സർക്കാർ നടത്തുന്ന തീവ്ര ശ്രമങ്ങളുടെ ഫലമായി സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കഴിഞ്ഞ അദ്ധ്യയനവർഷം എത്ര വർദ്ധനയാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) 2017-18 അദ്ധ്യയന വർഷത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസിൽ 12198 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി ചേർന്നിട്ടുണ്ട്. കൂടാതെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ രണ്ടുമുതൽ ഒമ്പതുവരെയുള്ള ക്ലാസുകളിൽ താഴ്ന്ന ക്ലാസ്സുകളിൽ നിന്നും പ്രൊമോഷൻ കിട്ടിവന്ന കുട്ടികളെ കൂടാതെ 145208 കുട്ടികൾകൂടി അധികമായി പൊതുവിദ്യാലയങ്ങളിൽ ചേർന്നിട്ടുണ്ട്. |
| (ബി) സർക്കാർ സ്കൂളുകളുടെ ഭൗതികവും അക്കാദമികവുമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി അഭിമാനാർഹമായ ഈ നേട്ടം വരുന്ന അദ്ധ്യയന വർഷവും കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) സർക്കാർ സ്കൂളുകളുടെ ഭൗതികവും അക്കാദമികവുമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി അഭിമാനാർഹമായ നേട്ടം വരുന്ന അദ്ധ്യയന വർഷവും കൈവരിക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.<br>• പദ്ധതിയുടെ ആദ്യഘട്ടമായി കിഫ്ബി മുഖേനയുള്ള അഞ്ചുകോടി രൂപയുടെ |

സർക്കാർ ധനസഹായത്തോടെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നു.

- കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നു.
- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ 140 എൽ.പി./ യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നു.
- ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനം.
- ലൈബ്രറി/ലബോറട്ടറി നവീകരണത്തിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.
- 50, 100 വർഷം പൂർത്തിയാക്കിയിട്ടുള്ള സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

കൂടാതെ വിവിധ പദ്ധതികൾക്കായി ചുവടെ ചേർക്കുന്ന പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

- സ്കൂൾ ഗ്രാന്റ് ഇനത്തിൽ എല്ലാ ഗവ.സ്കൂളുകൾക്കും 50,000 രൂപ വീതം അനുവദിച്ചു.
- നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങൾക്കായി (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡിഷണൽ ക്ലാസ്, ടോയ്ലെറ്റ്, കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല് സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

1) ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ.
2) എ.ജി.എച്ച്.എസ്.എസ്. കോടോത്ത്, കാസർഗോഡ്.
3) ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്.
4) ഗവ.ബോയ്സ് എച്ച്.എസ്.എസ്, ഹരിപ്പാട് ആലപ്പുഴ.

ഹയർ സെക്കന്ററി വകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെയും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ മുഖേനയും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ കാലാനുസൃതമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൂടാതെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലായി 1200 സ്കൂളുകളിൽ 300 ലക്ഷം രൂപ വിനിയോഗിച്ച് ജൈവ വൈവിദ്ധ്യ ഉദ്യാനം സ്ഥാപിക്കുന്നതിനും ഏഴുകോടി രൂപ വിനിയോഗിച്ച് 14 ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ജൈവ വൈവിദ്ധ്യ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിയുടെ ആദ്യഘട്ടമായി 1200 സ്കൂളുകൾക്ക് 10,000/- രൂപ വീതം അനുവദിച്ചു.

സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും അക്കാദമിക മികവ് ലക്ഷ്യമിട്ടുകൊണ്ട് ഒരു ജനകീയ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂൾ തലത്തിൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ട്. അക്കാദമിക മികവ് കൈവരിക്കുന്നതിലേക്കായി 'മലയാളത്തിളക്കം', 'സുരീലി ഹിന്ദി', 'ഹലോ ഇംഗ്ലീഷ്', 'ഗണിത വിജയം', 'ലിറ്റിൽ ഗലീലിയോ' തുടങ്ങിയ പ്രവർത്തനങ്ങളും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 'നവപ്രഭ', 'ശ്രദ്ധ' തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. കൂടാതെ സാമൂഹിക ബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂളുകൾ കേന്ദ്രീകരിച്ച് വികസന സെമിനാറുകൾ, രക്ഷാകർതൃ പരിശീലന പരിപാടികൾ തുടങ്ങിയവയും നടത്തിവരുന്നു.

| | | | |
|---|---|---|---|
| (സി) | പൊതു വിദ്യാഭ്യാസ രംഗത്തെ ഗുണപരമായ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് കുട്ടികളെ സർക്കാർ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ, പൊതുജനങ്ങൾ എന്നിവരുടെ പരിപൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | മേൽ പറഞ്ഞ എല്ലാ പ്രവർത്തനങ്ങളിലും ജനപ്രതിനിധികൾ, രക്ഷിതാക്കൾ,അദ്ധ്യാപകർ, പൊതുജനങ്ങൾ എന്നിവരുടെ പരിപൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ